# CAREER Updates

# പത്രവൃത്താന്തം

**20.10.2024 (ഞായർ)**




- ⇨ ചന്ദ്രനിലെ മണ്ണായ റിഗോലിത്ത് ഭൂമിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഇന്ത്യയുടെ ചാന്ദ്രദൗത്യം
- ✔ ചന്ദ്രയാൻ 4
- ● ചന്ദ്രയാൻ 3 ദൗത്യത്തിൽ സോഫ്റ്റ് ലാന്റിംഗ് നടത്തിയ ചന്ദ്രന്റെ തെക്കേ ധ്രുവമേഖലയിലാകും പരീക്ഷണങ്ങൾക്ക് തുടക്കം കുറിക്കുക. 2027-ൽ ആണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

- ⇨ ഉപകരണങ്ങളെ നേരിട്ട് ഉപഗ്രഹങ്ങളിലേക്ക് ബന്ധിപ്പിക്കുന്ന (ഡയറക്ട് ടു ഡിവൈസ്) പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയ ടെലികോം കമ്പനി
- ✔ ബി.എസ്.എൻ.എൽ.
- ● അന്താരാഷ്ട്ര കമ്പനിയായ വിയാസാറ്റുമായി ചേർന്നാണ് ബി.എസ്.എൻ.എൽ. പരീക്ഷണം പൂർത്തിയാക്കിയത്.

- ⇨ 2024 ഒക്ടോബറിൽ അന്തരിച്ച പ്രശസ്ത അമേരിക്കൻ മനഃശാസ്ത്രജ്ഞൻ
- ✔ ഫിലിപ് ജി. സിംബാർഡോ
- ● തിന്മയുടെ മനഃശാസ്ത്രം പഠിക്കാനുള്ള പരീക്ഷണം നടത്തിയതിലൂടെ ശ്രദ്ധേയനാണ് സിംബാർഡോ.

- ⇨ 2024-ൽ 446 വർഷം തികയുന്ന ഇന്ത്യൻ ഭാഷയിൽ അച്ചടിക്കപ്പെട്ട ആദ്യ പുസ്തകം
- ✔ തമ്പിരാൻ വണക്കം
- ● 1578-ൽ കൊല്ലം തങ്കശ്ശേരിയിലെ സാൽവദോർ ജെസ്യൂട്ട് കോളേജ് എന്ന അച്ചടിശാലയിലാണ് പുസ്തകം അച്ചടിച്ചത്. പോർച്ചുഗീസ് ഭാഷയിൽ സെന്റ് ഫ്രാൻസിസ് സേവ്യർ എഴുതിയ 'ഡോക്ട്രീന ക്രിസ്തം' എന്ന മതഗ്രന്ഥത്തിന്റെ തമിഴ് വിവർത്തനമാണ് 'തമ്പിരാൻ വണക്കം'.

- ⇨ കവി എ. അയ്യപ്പൻ സ്മാരക ഫൗണ്ടേഷന്റെ 2024-ലെ സാഹിത്യ പുരസ്കാരത്തിന് അർഹനായത്
- ✔ ആദി
- ● ആദിയുടെ 'പെണ്ണപ്പൻ' എന്ന കൃതിക്കാണ് പുരസ്കാരം.

- ⇨ മികച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കർമ്മയോഗി മിഷന്റെ ഭാഗമായി അടുത്തിടെ ഡൽഹിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദേശീയ പഠനവാരം
- ✔ കർമ്മയോഗി സപ്താഹ്

- ⇨ നോളജ് ഇക്കോണമി മിഷനും സംസ്ഥാന ന്യൂനപക്ഷ കമ്മിഷനും സംയുക്തമായി 2024 ഒക്ടോബറിൽ ആരംഭിച്ച ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി
- ✔ സമന്വയം

- ⇨ കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം സംഘടിപ്പിക്കുന്ന പത്താമത് ഇന്ത്യ രാജ്യാന്തര ശാസ്ത്രോത്സവത്തിന് വേദിയാകുന്നത്
- ✔ ഐ.ഐ.ടി. ഗുവാഹത്തി

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999